രക്ഷയുടെ പാതയിൽ-7



7

# ഈശോയുടെ പ്രബോധനങ്ങൾ

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

## ഉള്ളടക്കം


1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പനകൾ
14. മനഃസാക്ഷി രൂപികരണം
15. സുവിശേഷ ഭാഗ്യങ്ങൾ

പാഠം 2

# കർത്താവായ ദൈവം




ഒന്നാമത്തെ കല്പന: ഇസ്രായേലേ, കേൾക്കുക! നമ്മുടെ ദൈവമായ കർത്താവാണ് ഏക കർത്താവ്. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം (മർക്കോ 12:30).



1. ഒന്നാം പ്രമാണം
2. ഒന്നാം പ്രമാണത്തിനെതിരായ തിന്മകൾ
3. ദൈവിക പുണ്യങ്ങൾ
4. ദൈവാരാധന നമ്മുടെ കടമ
5. വിശുദ്ധരോടുള്ള വണക്കം

# ഒന്നാം പ്രമാണം

- താൻ പ്രത്യേകമായി തെരഞ്ഞെടുത്തു പരിപാലിച്ച ഇസ്രായേൽജനതയ്ക്ക് ദൈവം നൽകിയ ഒന്നാമത്തെ പ്രമാണം ഇതായിരുന്നു- അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത് (പുറ 20:2-3)




# ഒന്നാം പ്രമാണത്തിനെതിരായ തിന്മകൾ

- ഏകദൈവത്തിൽ മാത്രമേ വിശ്വസിക്കാവൂ, അന്യദേവന്മാരെയും വിഗ്രഹങ്ങളെയും ആരാധിക്കരുത് എന്നതാണ് ഈ കല്പനയുടെ സാരം.
- നിരീശ്വരവാദം
- ദൈവത്തിന്റെ അസ്ഥിത്വത്തെ തള്ളിക്കളയുകയോ നിഷേധിക്കുകയോ ചെയ്യുന്നതാണ് നിരീശ്വരവാദം.



## ✖ വിഗ്രഹാരാധന

സ്രഷ്ടാവായ ദൈവത്തിനു പകരം ദൈവം സൃഷ്ടിച്ച വസ്തുക്കളെയൊ വ്യക്തികളേയോ ദൈവമായി കരുതി ആരാധിക്കുന്നതാണ് വിഗ്രഹാരാധന.



## മന്ത്രവാദം

- ദുഷ്ടശക്തികളെ ആശ്രയിച്ച് ഭൗതികനേട്ടങ്ങൾ ഉണ്ടാക്കാനോ, മറ്റുള്ളവർക്ക് നാശം വരുത്താനോ ചെയ്യുന്ന കർമ്മങ്ങളാണ് മന്ത്രവാദം, കൂടോത്രം, ക്ഷുദ്രപ്രയോഗം തുടങ്ങിയവ.



# ✖ അന്ധവിശ്വാസം

- സത്യവിശ്വസത്തിനു ചേരാത്തതും അടിസ്ഥാനരഹിതവുമായ കാര്യങ്ങളിലുള്ള വിശ്വാസമാണ് അന്ധവിശ്വാസം. മഷിനോട്ടം, പ്രശ്നംവയ്ക്കൽ, ശകുനംനോക്കൽ, ജാതകം നോക്കൽ എന്നിവയെല്ലാം ഇതിൽപ്പെടും, ഭാവിയെക്കുറിച്ച് അറിയുന്നതിനായി നടത്തുന്ന കൈനോട്ടം, പക്ഷിശാസ്ത്രം, നക്ഷത്രഫലം തുടങ്ങിയവയും ഒന്നാം പ്രമാണത്തിന് എതിരാണ്.




## ദൈവനിന്ദ

- കൂദാശകൾ അയോഗ്യതയോടെ പരികർമ്മം ചെയ്യുന്നതും, അവ സ്വീകരിക്കുന്നതും ദൈവനിന്ദയാണ്. ദൈവത്തിന് സമർപ്പിതമായിരിക്കുന്ന ഏതെങ്കിലും വ്യക്തിയേയോ, സ്ഥലത്തേയോ, വസ്തുവിനെയോ അപമാനിക്കുകയും അശുദ്ധമാക്കുന്നതും ദൈവനിന്ദാപരമായ പാപമാണ്.



# സാത്താൻപൂജയും സ്പിരിറ്റിസവും

- ദൈവത്തെയും വിശുദ്ധരെയും വിശുദ്ധ വസ്തുക്കളെയും അവഹേളിച്ചുകൊും ദുഷ്പ്രവർത്തികൾ ചെയ്തുകൊണ്ടും സാത്താനെആരാധിക്കുന്നതാണ് സാത്താൻപൂജ. മരിച്ചപോയവരുടെ ആത്മാക്കളെ മന്ത്ര തന്ത്രങ്ങളിലൂടെ അവരെ പ്രീതിപ്പെടുത്തി, ഇഷ്ടകാര്യങ്ങൾ സാധിക്കാമെന്നു കരുതി ചെയ്യുന്ന പ്രവൃത്തികളാണ് സ്പിരിറ്റിസം.
- പൂർണഹൃദയത്തോടെ ദൈവത്തെ ആരാധിക്കുന്നതിലും സ്നേഹിക്കുന്നതിലും നിന്ന് നമ്മെ തടയുന്നു. അതുകൊണ്ടാണ് ഇവയെല്ലാം ദൈവനിന്ദാപരമായ പാപങ്ങളായിത്തീരുന്നത്.



# ദൈവിക പുണ്യങ്ങൾ

- ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനമാണ് ദൈവികപുണ്യങ്ങളായ വിശ്വാസവും പ്രത്യാശയും സ്നേഹവും

വിശ്വാസം

- സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് തന്റെ സമ്പൂർണ്ണ സമർപ്പണത്തിലൂടെ മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം.



# പ്രത്യാശ

- സർവശക്തനും കാരുണ്യവാനും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമായ ദൈവം നമുക്കാവശ്യമായ കൃപയും അനുഗ്രഹവും തരുമെന്ന ഉത്തമബോധ്യമാണ് പ്രത്യാശ അഥവാ ശരണം. നിരാശ പ്രത്യാശയ്ക്ക് എതിരായ പാപമാണ്.



## സ്നേഹം

- എല്ലാറ്റിലും ഉപരിയായി ദൈവത്തെയും തന്നെപ്പോലെതന്നെ മറ്റുള്ളവരെയും സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ദൈവികപുണ്യമാണ് സ്നേഹം.



# ദൈവാരാധന നമ്മുടെ കടമ

- വിശ്വാസത്തിന്റെ പ്രകാശനം കൂടിയാണ് പ്രാർത്ഥനയും ആരാധനയും. ദൈവത്തെയല്ലാതെ മറ്റെന്തിനെയെങ്കിലും ആരാധിക്കാനുള്ള പ്രലോഭനങ്ങളെ നാം അതിജീവിക്കണം. അപ്പോൾ മാത്രമേ നമുക്ക് ഒന്നാം പ്രമാണം പാലിക്കാൻ കഴിയൂ.



# വിശുദ്ധരോടുള്ള വണക്കം

- എളിമയുള്ള ഹൃദയത്തോടെ ദൈവത്തെ കർത്താവും, സ്രഷ്ടാവും പരിപാലകനുമായി അംഗീകരിക്കുക. പൂർണ്ണമനസ്സോടെ അവിടുത്തെ ആരാധിക്കുക, സർവാത്മനാ അവിടുത്തെ സ്നേഹിക്കുക, ജീവിതത്തിലുടനീളം ദൈവത്തിന് പ്രഥമസ്ഥാനം നൽകുക ഇവയാണ് ഒന്നാം പ്രമാണത്തിലൂടെ ദൈവം നമ്മോട് ആവശ്യപ്പെടുന്ന പ്രധാനകാര്യങ്ങൾ
- വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിക്കാറില്ലേ അത് അവരെ ആരാധിക്കുന്നതിനല്ല, വണങ്ങുന്നതിനും ബഹുമാനിക്കുന്നതിനുമാണ്. വിശുദ്ധരുടെ ജീവിതത്തെക്കുറിച്ച് ഓർമ്മ ഉണർത്തുന്നതിനും, അവരുടെ മാതൃക അനുകരിക്കുന്നതിനും മാദ്ധ്യസ്ഥ്യം യാചിക്കുന്നതിനും അത് നമ്മെ സഹായിക്കും. അതിനാൽ വിശുദ്ധരോടുള്ള വണക്കം വിഗ്രഹാരാധനയോ ഒന്നാം പ്രമാണത്തിന്റെ ലംഘനമോ ആകുന്നില്ല.

# നമുക്കു പ്രാർത്ഥിക്കാം

**ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയെ ഞങ്ങളുടെ കർത്താവും ദൈവവുമായി എല്ലായ്പോഴും ഏറ്റുപറയുവാൻ ഞങ്ങളെ സഹായിക്കണമേ.**

# നമുക്കു പാടാം

(വഞ്ചിപ്പാട്ട്)



ഒന്നാം നിയമം ഓതീടുന്നു
നിന്നുടെ ദൈവം കർത്താവത്രെ
എന്നുടെ നാഥൻ എന്നുടെ ദൈവം
സർവ്വാധിപനല്ലോ

സ്വന്തജനത്തെ മോചിതരാക്കി
വാഗ്ദാനത്താൽ മുദ്രിതമാക്കി
എന്നും നിങ്ങൾ എന്നുടെ മക്കൾ
വത്സലതനയന്മാർ

വിശ്വാസത്തിൽ വിനയാന്വിതരായ്
ആരാധനയിവരേകീടുന്നു
പ്രത്യാശയോടെ സ്നേഹത്തികവിൽ
ജീവിച്ചീടുന്നു.

# ദൈവവചനം വായിക്കാം;

# വിവരിക്കാം

(ദാനിയേൽ. 3:1-30)



# വഴി കാട്ടാനൊരു തിരുവചനം

**നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണത്മാവോടും, പൂർണമനസ്സോടും, പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക**

(മർക്കോ.12.30).

# എന്റെ തീരുമാനം

**വി. കുർബാനയിൽ സജീവമായി പങ്കുചേർന്നുകൊ്**

**ഞാൻ ദൈവത്തെ ആരാധിക്കും.**

Thank you